**പ്രത്യേക ശ്രദ്ധയ്ക്ക്**

**<u>ഭരണഭാഷ – മാതൃഭാഷ</u>**

നം. WCD/A3-14320/20

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം,
തീയതി : 03/03/2021
ഫോൺ നം: 0471 - 2346534
Email : directorate.wcd@kerala.gov.in

**<u>പരിപത്രം</u>**

വിഷയം : വനിതാ ശിശുവികസന വകുപ്പ് - ബഡ്ജറ്റ് 2020-2021- വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക സമയബന്ധിതമായി വിനിയോഗിക്കുന്നത് സംബന്ധിച്ച്

സൂചന :

2019-20 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി അനുവദിച്ച അലോട്ട്മെന്റുകൾ പ്രകാരമുള്ള തുകകൾക്കായി ബില്ലുകൾ തയ്യാറാക്കി യഥാസമയം ട്രഷറിയിൽ സമർപ്പിക്കാത്തതുമൂലം ഒട്ടനവധി ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുകയും പ്രസ്തുത ബില്ലുകളുടെ തുക 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിച്ച് മാറി നൽകേണ്ടി വരികയും ചെയ്തിരുന്നു.

ഇതുമൂലം 2020-21 ൽ ചെലവഴിക്കുന്നതിന് ബഡ്ജറ്റിൽ ലഭ്യമായ തുകയിൽ കുറവുണ്ടാകുകയും അധികവിഭവസമാഹരണത്തിലൂടെയും ധനപുനർവിനിയോഗത്തിലൂടെയും സർക്കാരിൽ നിന്ന് തുക ലഭ്യമാക്കിക്കൊണ്ടാണ് നടപ്പ് സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവ്വഹണം സാദ്ധ്യമാക്കി വരുന്നത്.

ടി സാഹചര്യത്തിൽ എല്ലാ ഡി.ഡി.ഒ./നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പ് സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന തുകയിൻമേൽ യഥാസമയം ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ച് പദ്ധതി നിർവ്വഹണം പൂർത്തീകരിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിലെ അവസാനം വരെ കാത്തിരിക്കാതെ മുൻകൂറായി ഫണ്ട് ചെലവഴിക്കേണ്ടതാണെന്ന കർശന നിർദ്ദേശം നല്കുന്നു. വകുപ്പദ്ധ്യക്ഷൻ പുറപ്പെടുവിച്ച ഉത്തരവുകളിൽമേലുള്ള ബില്ലുകൾ സമയബന്ധിതമായി മാറിയെടുക്കാതെ ട്രഷറി ക്യൂ ബില്ലിൽ ഉൾപ്പെടുകയാണെങ്കിൽ ആയത് ബന്ധപ്പെട്ട ഡി.ഡി.ഒ./നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യത ആയി നിശ്ചയിക്കുന്നതാണെന്ന് മുന്നറിയിപ്പ് നല്കുന്നു. ജില്ലാ വനിതാ ശിശുവികസന ആഫീസർമാർ ഇക്കാര്യം വ്യക്തിപരമായ ശ്രദ്ധ പുലർത്തി പരിശോധനാ വിധേയമാക്കേണ്ടതാണ്.

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ വനിതാ ശിശുവികസന ആഫീസർമാർക്കും,

പകർപ്പ്:

1. എല്ലാ കീഴ് കാര്യാലയ മേധാവിമാർക്കും,
2. സൂപ്രണ്ട്, ഐ.റ്റി. സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ